**സദ്വാർത്ത**

**ഞായറാഴ്ചപ്പുറങ്ങൾ**

**27 നവംബർ 1994**

# ‘ആലിൻ ചുവട്ടിലെ പുൽച്ചെടി’

കെ. എസ്. സുധി



‘**ആ**ൽമരച്ചോട്ടിലെ പുൽച്ചെടി പോലെയാണു ഞാൻ. ആൽമരത്തണലിലായതിനാൽ അധികം വളരാനായില്ല. വളർച്ച മുരടിച്ച പോലെ.’ പറയുന്നതു മലയാള സാഹിത്യത്തിൽ ആൽമരം പോലെ വളർന്നു പന്തലിച്ച കവി ഇടശ്ശേരിയുടെ പുത്രൻ ഇ. ഹരികുമാർ. ഹരികുമാറിന്റെ ഓർമകളിൽനിന്നും ബാലനായ തന്നെ മടിയിലിരുത്തി, കാലുകൾ വിറപ്പിച്ചു മേശപ്പുറത്തെ കടലാസിൽ കവിത കോറിയിടുന്ന അച്ഛൻ.

കാസറ്റ് റിക്കാർഡിങ്ങ് ജോലിയുമായി എറണാകുളം സൗത്തിൽ ഗോവിന്ദ് അപ്പാർട്ട്മെന്റിലെ ഫ്ളാറ്റിൽ ഭാര്യ ലളിതയും മകൻ അജയനുമൊത്തു കഴിയുന്നു ഹരികുമാർ.

ഇടശ്ശേരിയുടെ മക്കളിൽ ഹരികുമാറൊഴിച്ചു ബാക്കിയാരും അച്ഛന്റെ പാത പിന്തുടർന്നില്ല. എല്ലാവർക്കും സാഹിത്യത്തോടു താൽപര്യമുണ്ടായിരുന്നെന്നു മാത്രം. വീട്ടിലെ അന്തരീക്ഷം കവിതാമയമായിരുന്നു. അമ്മയും കഥയും കവിതകളുമെഴുതുമായിരുന്നു. വള്ളത്തോളിന്റെയും കുമാരനാശാന്റെയും കവിതകൾ അമ്മ ഉച്ചത്തിൽ ചൊല്ലുന്നത് കേട്ടാണ് ഞങ്ങൾ വളർന്നത്. അച്ഛനേക്കാൾ അമ്മയാണു തനിക്കു കൂടുതൽ പ്രചോദനം നൽകിയെന്ന സൂചന ഹരികുമാറിന്റെ വാക്കുകളിൽ.

ഇടശ്ശേരിയുടെ മക്കളെല്ലാം തന്നെ ഉദ്യോഗവും ബിസിനിസുമൊക്കെയായി എറണാകുളത്തും ബോംബെയിലും തൃശൂരുമാണ്. മുത്തമകൻ സതീശ് നാരായണന് ആലുവ എഫ്.എ.സി.ടി.യിലാണു ജോലി. എറണാകുളത്തു താമസം. ഉണ്ണികൃഷ്ണൻ ഹൈദരാബാദിൽ സീനിയർ സയന്റിസ്റ്റാണ്. മാധവൻ ബോംബെയിൽ റിസർവ് ബാങ്കിൽ ഉദ്യോഗസ്ഥൻ. തൃശൂരു താമസിക്കുന്ന ദിവാകരൻ ഡോക്ടറാണ്. എറണാകുളത്തുള്ള ഇളയമകൻ അശോകൻ ഹരികുമാറിനെപ്പോലെ ബിസിനസ്സുകാരൻ. മൂത്തമകൾ ഗിരിജാ രാധാകൃഷ്ണൻ ഭർത്താവിനോടും കുട്ടികളോടുമൊപ്പം തൃശൂരാണു താമസം. ഇളയമകൾ ഉഷാ രഘുപതി ബോംബെയിൽ.

പുതിയ തലമുറയിൽ കവിത എഴുതുന്ന ഒരാളുണ്ട്. ജ്യേഷ്ഠന്റെ മകൾ ശ്രീജ. വിദ്യാർത്ഥിനിയാണ്.

അച്ഛന്റെ കവിതകൾ ഓഡിയോ കാസറ്റുകളിലാക്കിക്കൊണ്ടിരിക്കുകയാണ് ഹരികുമാർ. പൂതപ്പാട്ട്, കാവിലെപാട്ട് തുടങ്ങിയ കവിതകൾ ഉൾക്കൊള്ളുന്ന രണ്ടു വോളിയങ്ങൾ പ്രകാശനം ചെയ്തുകഴിഞ്ഞു. മൂന്നാം വോള്യവും നാലാം വോള്യവും അടുത്തു തന്നെ പ്രകാശനം ചെയ്യും.

കറുത്ത ചെട്ടിച്ചികൾ, പൂജാപുഷ്പം, ഉണ്ണികൃഷ്ണനോട്, ഇസ്ലാമിലെ വൻമല എന്നിങ്ങനെ നാലു കവിതകളടങ്ങിയ കാസറ്റാണു പ്രസിദ്ധീകരണത്തിനു തയ്യാറായിട്ടുള്ളത്.

അച്ഛന്റെ സ്നേഹം, അല്ല അച്ഛനെ തന്നെ ഞങ്ങൾക്കു വേണ്ടുവോളം കിട്ടിയിരുന്നില്ല, ഹരികുമാർ പരിഭവിക്കുന്നു. സത്യത്തിൽ അച്ഛന്റെ കുറ്റമായിരുന്നില്ല. അച്ഛനു കൂടുതൽ സമയം ഞങ്ങൾക്കൊപ്പം ചെലവഴിക്കാൻ സമയമുണ്ടായിരുന്നില്ല എന്നതായിരുന്നു കാരണം.

അച്ഛനു ജോലിയുണ്ടായിരുന്നു. ആധാരമെഴുത്ത്. അതുകഴിഞ്ഞു രാത്രിയാകും വീട്ടിലെത്തുമ്പോൾ. വീട്ടിലെത്തിയാൽ കവിതകൾ രചിക്കാനുള്ള തിടുക്കമാണ്. ചിലപ്പോൾ രാവിലെ ഉണരുമ്പോഴും അച്ഛന്റെ മുറിയിൽ മേശവിളക്കിന്റെ വെളിച്ചം കാണാം. രാത്രി മുഴുവൻ ഉറക്കമിളച്ചെഴുതിയ കവിത പൂർത്തീകരിക്കുന്ന തിരക്കിലായിരിക്കും അച്ഛൻ. പിന്നെ കലാസാംസ്കാരിക രംഗങ്ങളിലെ പ്രവർത്തനങ്ങൾ, അച്ഛനെഴുതിയ നാടകങ്ങൾ അരങ്ങേറുവാനുള്ള റിഹേഴ്സലുകൾ, അങ്ങനെ തികച്ചും തിരക്കുപിടിച്ചതായിരുന്നു അച്ഛന്റെ ജീവിതം. ഹരികുമാറിന്റെ പല കഥകളിലും ഇടശ്ശേരി കടന്നുവരുന്നുണ്ട്. പ്രാകൃത

നായ തോട്ടക്കാരൻ എന്ന പേരിൽ കുങ്കുമം വിതറിയ വഴികൾ എന്ന കഥാസമാഹരത്തിലെഴുതിയ കഥ ഒരുദാഹരണമാണ്.

കഥയിലെ പ്രാകൃതനായ തോട്ടക്കാരൻ ഇടശ്ശേരിയാണ്. തോട്ടം ശുശ്രൂഷിക്കുന്നതിൽ തന്റെ മുഴുവൻ ശ്രദ്ധയും കൊടുക്കുന്ന തോട്ടക്കാരനാണിത്. ഓരോ ചെടിയും ശ്രദ്ധാപൂർവ്വം പരിചരിച്ചു സ്നേഹിച്ച് ശുശ്രൂഷിക്കുന്ന ഈ തോട്ടക്കാരനു ശംമ്പളം കിട്ടിയില്ലെങ്കിൽപ്പോലും പ്രശ്നമില്ല. ശംമ്പളമില്ലെങ്കിൽ ഭാര്യയും മക്കളും പട്ടിണിയിലാകും. എങ്കിലും തോട്ടത്തിലെ പണി കൃത്യമായി ചെയ്യുക എന്നതായിരുന്നു ഈ തോട്ടക്കാരന്റെ പ്രധാനജോലി. അതുപോലെ തങ്ങളെക്കാളേറെ കവിതയേയും കലയേയും അച്ഛൻ സ്നേഹിച്ചിരുന്നുവെന്നു ഹരികുമാർ ഈ കഥയിലൂടെ സൂചിപ്പിക്കുകയാണ്.

അച്ഛന്റെ സ്നേഹം ഞങ്ങൾക്കു കൂടുതൽ ലഭിച്ചിരുന്നില്ലെങ്കിലും അച്ഛൻ ഞങ്ങളുടെ കാര്യങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്നാൽ അച്ഛനു മക്കളെക്കുറിച്ച് എന്തെങ്കിലും പ്രത്യേക സങ്കല്പങ്ങളുണ്ടായിരുന്നുവെന്ന് എനിക്കു തോന്നിയിട്ടില്ല, ഹരികുമാർ പറയുന്നു. പള്ളിക്കൂടത്തിലേക്കു വീണ്ടും എന്ന കവിതയിൽ അതു ധ്വനിക്കുന്നുമുണ്ട്. ആദ്യമായി പള്ളിക്കൂടത്തിലേക്കു പോകാനൊരുങ്ങി നിൽക്കുന്ന മകനോടു കവി ആശംസിക്കുന്നതിതാണ്.

എൻകുഞ്ഞേ ജീവിതമീയുഗത്തിൽ
സങ്കീർണമല്ലോ കുറച്ചുകൂടി
വാഴ്‌വിനുള്ളയോധനത്തിൽ നീയേ-
തായുധമേന്തണമെന്നകാര്യം
ഹന്ത, സങ്കല്പിച്ചതില്ല ഞാനെൻ
ക്രാന്തദർശിത്വക്കുറവു മൂലം.
നീയെന്തായ് തീരണം? ആ മുകുളം
നിന്നിലേനിന്നു വിരിഞ്ഞിടട്ടേ.

ഞങ്ങൾക്കിഷ്ടപ്പെട്ടതു തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അച്ഛൻ നൽകിയിരുന്നു. ഹരികുമാർ പറയുന്നു. എന്തിലും കർശന ഗുണനിയന്ത്രണം വേണമെന്ന് അച്ഛൻ നിഷ്കർഷിച്ചിരുന്നു. അതിനാൽ കഥകളെഴുതുമ്പോൾ ശക്തമായ അഭിപ്രായങ്ങൾ അച്ഛൻ നൽകുമായിരുന്നു. സ്ഥിരമായി ഞാൻ എഴുതാത്തതിൽ അച്ഛൻ പരിഭവിക്കാറുമുണ്ടായിരുന്നു.

Copyright © 2013 reserved

© Copyright of the sketches, monograms, logo and other materials used in this story to create pages as they appeared in the periodicals, belongs to the respective publishers of periodicals and/or artists.